## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6289** **03.04.2018-ൽ മറുപടിയ്ക്ക്**

**അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് തൊഴിൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) & ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യർക്ക് തൊഴിൽ നൽകിയിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | പദ്ധതി | വർഷം | പ്ലേസ്മെന്റ് ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| 1 | നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും, 3 വർഷത്തെ ഡിപ്ലോമ കോഴ്സും പരിശീലനം | 2016-17 | 303 |
| 2 | സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി | 2016-17 | 50 |
| 3 | അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്ക് ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് മുഖേന | 2016-17 | 21 |

| | | | |
|---|---|---|---|
| | ഡി.സി.എ കോഴ്സ് പരിശീലനം | | |
| 4 | എത്തിയോസ് ഹൗസ് കീപ്പിംഗ് & ഫുഡ് ബിവറേജ് | 2017-18 | 125 |
| 5 | കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പട്ടിക വർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതി | 2016-17 | 18000 |
| 6 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നു. | 2016-17 | 10 |
| 7 | മിൽമ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ | 2016-17 | 210 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പരിപാടികളിലൂടെ തൊഴിൽ നൽകിയിട്ടുണ്ട്.

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു | 241 |
| സാമൂഹ്യ പഠനമുറി | 100 |
| എസ്.ടി പ്രൊമോട്ടർമാർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 32 |

| | | | |
|---|---|---|---|
| ബി) | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് ജോലി ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്കു വേണ്ടി വകുപ്പ് 2016-17 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതിപ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളി |

| | | | |
|---|---|---|---|
| | | | ലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തന ക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.<br>കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയിസ്മെന്റ് ഉറപ്പു വരുത്തിയിട്ടുണ്ട്.<br>1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ.<br>2. കെൽട്രോൺ<br>3. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി<br>4. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്.<br>ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. മിൽമ<br>2. കുടുംബശ്രീ<br>3. മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യ ലിമിറ്റഡ്.<br>• കൂടാതെ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഐ.റ്റി മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും തൊഴിൽ ഉറപ്പു വരുത്തുന്നതിനായി അപ്പാരൽ പാർക്ക് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ |

ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 250 പട്ടികവർഗ്ഗ യുവതികൾക്കാണ് പരിശീലനം നൽകുന്നത്. തൊഴിൽ ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ സ്ത്രീ ശാക്തീകരണവും കൂടി ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

**ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ**

- കൃഷി
- പശു, ആട് വളർത്തൽ
- ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ
- യന്ത്രസഹായത്തോടെ കാട് വെട്ടൽ
- യന്ത്രസഹായത്തോടെ മരംമുറി
- തയ്യൽ യൂണിറ്റുകൾ
- വയറിംഗ്
- പി.എസ്.സി പരിശീലനം
- ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ
- സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം
- കോഴിയും കൂടും പദ്ധതി
- ചെറുകിട വ്യാപാരം

**കോർപ്പസ് ഫണ്ട്**

1) കുടനിർമ്മാണം
2) മത്സ്യ കച്ചവടം
3) ബേക്കറി
4) തുണിക്കട
5) കോഫീബാർ
6) യന്ത്രവൽകൃത പുൽവെട്ടൽ
7) യന്ത്രവൽകൃത പാൽകറവ
8) റബ്ബർ റോളർ വിതരണം
9) പെട്ടിക്കടകൾ
10) പന്നി വളർത്തൽ

ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്.

**എസ്.സി.എ ടു റ്റി.എസ്.പി നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ**

1. യന്ത്രവൽകൃത തെങ്ങുകയറ്റം

| | | | |
|---|---|---|---|
| | | | 2. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്<br>3. യന്ത്രവൽകൃത കൃഷി, തയ്യൽ<br>4. ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്<br>5. ഡയറി ഡെവലപ്മെന്റ് യൂണിറ്റ്<br>6. ഫോട്ടോസ്റ്റാറ്റ് മെഷീൻ<br>7. തൊഴിൽ സംഗീത ഉപകരണങ്ങൾ<br>8. യന്ത്രവൽകൃത കള പറിക്കൽ<br>9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്<br>10. ഹെവി മോട്ടോർ ഡ്രൈവിംഗ്<br>11. കയർ ഉത്പാദനം<br>12. യന്ത്രവൽകൃത മരംവെട്ട്<br>13. ഫാഷൻ ടെക്നോളജി<br>14. കമ്പ്യൂട്ടർ ട്രെയിനിംഗ്<br>15. ഹാർച്ചറി യൂണിറ്റ്<br>16. യന്ത്രവൽകൃത കവുങ്ങ് കയറ്റം<br>17. മെഴുകുതിരി നിർമ്മാണം<br>18. കലാപരമായ ഉൽപ്പന്നങ്ങൾ<br>19. ഫർണിച്ചർ ഉത്പാദനം. |
| സി) | അഭ്യസ്ഥവിദ്യരായിട്ട് കൂടി സമൂഹത്തിന്റെ മുഖ്യധാരയിൽ നിൽക്കുന്നതിന് പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് കഴിയാതിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഇത്തരക്കാരെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുമോ; | സി) | വിദ്യാഭ്യാസപരവും, സാമൂഹികപരവും, സാമ്പത്തികപരമായ പിന്നോക്കാവസ്ഥയാണ് പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ മറ്റു സമുദായങ്ങൾക്കൊപ്പം നിൽക്കാൻ കഴിയാത്തത്. ആയത് പരിഹരിക്കുന്നതിനായി വകുപ്പ് ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ഡി) | ഈ സർക്കാർ എത്ര പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളിലൂടെ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | |

(signature)

സെക്ഷൻ ഓഫീസർ